കേരളസർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - കടമ്പൂർ ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ.കെ.വി.ചന്ദ്രന് എതിരായ പരാതി - - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.1857/2013/തസ്വഭവ, തിരുവനന്തപുരം,തീയതി, 16.07.2013**

---

പരാമർശം:-1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.07.2011ലെ കെഎസ്/എൽ/2958/2011 നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 25.11.2011, 26.05.2012 എന്നീ തീയതികളിലെ 19826/എസ്റ്റാഎ4/2011/സിആർഡി നമ്പർ കത്തുകൾ.
3. സ.ഉ.(സാധാ) നമ്പർ 2909/2012/തസ്വഭവ, തീയതി 19.10.2012.
4. ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ ശ്രീ.സി.രാജൻ 28.02.2013-ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിൽ കടമ്പൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ആശ്രയ-അഗതി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ശ്രീമതി.എ.കുഞ്ഞാമി, അരയച്ചെങ്കിയിൽ, എടക്കാട്.പി.ഒ. എന്നവർക്ക് കിണർ കുഴിക്കാൻ അനുവദിച്ച തുക ഗ്രാമവികസന വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.വി.ചന്ദ്രൻ, ഗുണഭോക്താവിനെ ഏൽപ്പിക്കുകയോ, നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന 27.06.2011-ലെ ദേശാഭിമാനി പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുകയും പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ കടമ്പൂർ വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.വി.ചന്ദ്രൻ നാല് വർഷങ്ങൾക്കു മുൻപ് ശ്രീമതി.കുഞ്ഞാമിയെ ബാങ്കിൽ കൊണ്ടു പോയി രേഖകളിൽ ഒപ്പിടിച്ചു എങ്കിലും, പ്രസ്തുത തുക ഗുണഭോക്താവിനെ ഏൽപ്പിക്കുകയോ കിണർ കുഴിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമായി പറയുന്നു. ഇക്കാര്യത്തിൽ പരാതിയും പത്രവാർത്തയും വന്നതിനു ശേഷമാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗുണഭോക്താവിനെ കണ്ട് കിണർ കുഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത് മാത്രമല്ല ശ്രീമതി.കുഞ്ഞാമി

താമസിക്കുന്ന സ്ഥലത്ത് കിണർ കുഴിക്കുന്നതിന് 13030/ രൂപ ആവശ്യമാണോ എന്നത് വിദഗ്ദ്ധരെക്കൊണ്ട് അന്വേഷിക്കണമെന്നും, കിണറിൽ നിന്നും വെള്ളം ശേഖരിക്കുന്നതിനുള്ള പമ്പ് യഥാവിധമല്ല സ്ഥാപിച്ചിട്ടുള്ളതെന്നും, ഇത്തരം ക്രമക്കേടുകൾക്ക് ഉത്തരവാദിയായ കടമ്പൂർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.വി.ചന്ദ്രനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് വകുപ്പുതല നടപടി സ്വീകരിക്കുവാനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

ഇത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. 2006-2007 സാമ്പത്തിക വർഷം ആശ്രയ-അഗതി പുനരധിവാസ പദ്ധതി പ്രകാരം ശ്രീമതി.കുഞ്ഞാമിയ്ക്ക് കിണർ നിർമ്മിക്കുന്നതിന് അനുവദിച്ച പ്രോജക്ടിന്റെ അടങ്കൽ തുക 20,000/- രൂപ ആണെന്നും, ഇതിൽ അഡ്വാൻസായി 13030/- രൂപ കുഞ്ഞാമിയ്ക്ക് 28.04.2007-ന് 426890-ാം നമ്പർ ചെക്ക് പ്രകാരം നൽകിയെന്നും, ബാക്കി തുക കിണർ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് നൽകാമെന്നുമാണ് വ്യവസ്ഥയെന്നും, അഡ്വാൻസ് തുക നൽകിയതിന്റെ രസീത് പഞ്ചായത്ത് രേഖകളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ടി റിപ്പോർട്ടിൽ പറയുന്നു. തുടർന്ന് 24.09.2011-ന് നടത്തിയ പരിശോധനയിൽ ടാങ്കും പമ്പ് സെറ്റും ഉൾപ്പെടെയുള്ള കുഴൽ കിണർ നിർമ്മിച്ചത് കണ്ടെത്താനായെന്നും അതിന് മുൻപ് നടത്തിയ പരിശോധനയിൽ അവിടെ കിണർ ഇല്ലായിരുന്നെന്നും, ഗുണഭോക്താവിന് പണം നൽകിയിട്ടില്ലായെന്നതു സംബന്ധിച്ച് തെളിവൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും, ആയതിനാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് എതിരായ ആരോപണത്തിൽ വസ്തുനിഷ്ഠമായ തെളിവുകളുടെ അഭാവത്തിൽ തുടർ നടപടികൾ അർഹിക്കുന്നില്ലായെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് അപൂർണ്ണമായതിനാൽ ടി വിഷയം സംബന്ധിച്ച് ഗ്രാമവികസന വകുപ്പിലെ ഒരു ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണറെക്കൊണ്ട് വിശദമായ ഒരന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പരാമർശം (3) ~~സർക്കാർ~~ പ്രകാരം ഉത്തരവായിരുന്നു.

തുടർന്ന് പരാമർശം (4) പ്രകാരം ഇതു സംബന്ധിച്ച് ജോയിന്റ് ഡവലപ്പമെന്റ് കമ്മീഷണർ ശ്രീ.സി.രാജൻ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

കിണർ, പെൻഷൻ, വയറിംഗ് എന്നിവയ്ക്കായി 28.04.2007ന് രണ്ട് ചെക്കുകളായി (എൻ.എം.ജി.ബി. ചാല ബ്രാഞ്ച്) 21780/ രൂപ ബാങ്കിൽ നിന്നും

പിൻവലിച്ചതായും, അതിൽ ശ്രീമതി.കുഞ്ഞാമിയ്ക്ക് കിണർ കുഴിക്കുന്നതിനായി നൽകേണ്ട 13,030/ രൂപ കുഞ്ഞാമിയുടെ കൈയ്യിൽ കൊടുക്കാതെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ അതേ ബാങ്കിൽ മറ്റൊരക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. കുഞ്ഞാമിയുടെ വീടുപണി പൂർത്തിയായെങ്കിലും, ചുവർ പ്ലാസ്റ്ററിംഗ്, തറ സിമന്റിടൽ തുടങ്ങിയ പ്രവൃത്തികൾ ബാക്കിയുണ്ടായിരുന്നതിനാൽ, കിണർ കുഴിക്കുന്നതിനു വേണ്ടിയുള്ള ടി തുക വീടു പണി പൂർത്തിയാക്കാൻ ഉപയോഗിക്കാനുള്ള സാധ്യതയുള്ളതുകൊണ്ടാണ് ഇപ്രകാരം ചെയ്തതെന്ന് ശ്രീ.കെ.വി.ചന്ദ്രൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വിശദീകരിക്കുന്നു. പത്രപവാർത്തയെ തുടർന്ന്, മുൻ സി.ഡി.എസ് മെമ്പറും പൊതുപ്രവർത്തകയുമായ ശ്രീമതി.ഷബാന, മുൻകൈയ്യെടുത്ത് വീടിന്റെ തെക്ക് ഭാഗത്ത് ലഭ്യമായ സ്ഥലത്ത് ചെറിയ കുഴൽ കിണർ കുഴിപ്പിച്ചതായും മനസിലാക്കുന്നു. ഇതിന് 15,000/ രൂപയിൽ അധികം തലശ്ശേരിയിലെ കുഴൽ നിർമ്മാണ ഏജൻസിക്ക് ശ്രീമതി.ഷബാന മുഖാന്തിരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ.കെ.വി.ചന്ദ്രൻ നല്കിയതായും ശ്രീമതി.ഷബാന തന്നെ സാക്ഷ്യപ്പെടുത്തുന്നു. ചിലരുടെ രാഷ്ട്രീയ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി ഏഡിഎസ് അംഗം ശ്രീമതി.കെ.കെ.നിർമ്മലയെ കൊണ്ട് പരാതി കൊടുപ്പിച്ചതെന്ന് മനസ്സിലാക്കുന്നതായി ശ്രീമതി.ഷബാന മൊഴി നല്കിയിട്ടുള്ളതായും, ശ്രീമതി.കുഞ്ഞാമിയുടെ വീടും, കുഴൽകിണറും സന്ദർശിച്ചപ്പോൾ കുഴൽ കിണർ പ്രവർത്തിക്കുന്നുണ്ടെന്നും, കുടിവെള്ളം ലഭ്യമായി കഴിഞ്ഞതിനാൽ അവർക്കും പരാതിയില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

കുടുംബശ്രീ മിഷൻ കോർഡിനേറ്ററും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും തമ്മിലുണ്ടായിരുന്ന വ്യക്തിപരമായ ചില രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങളും പരാതിക്ക് കാരണമായിട്ടുണ്ടെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നതായും, മേൽ വസ്തുതകൾ പരിഗണിച്ച് മുൻ കടമ്പൂർ ഗ്രാമപഞ്ചായത്ത് വി.ഇ.ഒ.യും ഇപ്പോൾ തലശ്ശേരി ബ്ലോക്കിലെ ജോയിന്റ് ബി.ഡി.ഒ.യുമായ ശ്രീ.കെ.വി.ചന്ദ്രന് 'താക്കീത്'' നൽകി അച്ചടക്ക നടപടി അവസാനിപ്പിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഈ കേസിൽ സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടമ്പൂർ ഗ്രാമപഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.വി.ചന്ദ്രനെതിരെയുണ്ടായിരുന്ന പരാതി, മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കുന്നതിന് താക്കീത് നൽകി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.യു.രാജീവ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ..കെ.വി.ചന്ദ്രൻ, ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, തലശ്ശേരി ബ്ലോക്ക്, കണ്ണൂർ ജില്ല. (മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കടമ്പൂർ ഗ്രാമപഞ്ചായത്ത്) (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡാ ബിൽഡിംഗ്സ്, മെഡിക്കൽ കോളേജ്.പി.ഒ., തിരുവനന്തപുരം- 11
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ) ആന്റ് ഇ), കേരള , തൃശ്ശൂർ ബ്രാഞ്ച്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ